## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1534** **05/02/2019- ൽ മറുപടിയ്ക്ക്**

## കീടനാശിനി പ്രയോഗം

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | ഉത്തരം<br>ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നെൽപ്പാടങ്ങളിൽ യാതൊരുവിധ മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കാതെ വ്യാപകമായി കീടനാശിനി പ്രയോഗം നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കീടനാശിനി ഉത്പാദകർ, വിതരണക്കാർ, വിൽപ്പനക്കാർ എന്നിവർ കൃഷിവകുപ്പിൽ നിന്നും പ്രത്യേക ലൈസൻസ് എടുക്കേണ്ടതുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ ഉപയോഗിച്ചാൽ അവർക്ക് നൽകുന്ന ശിക്ഷകൾ എന്തൊക്കെ യെന്നറിയിക്കുമോ; | (സി) | കൃഷി വകുപ്പ് ഇറക്കിയ 24/10/2016-ലെ സർക്കുലർ പ്രകാരം നിരോധിക്കപ്പെട്ട കീടനാശിനികൾ കർഷകർ കൃഷിയിടങ്ങളിൽ പ്രയോഗിക്കുന്നതു ശ്രദ്ധയിൽപ്പെടുന്ന പക്ഷം ബന്ധപ്പെട്ട കർഷകർക്ക് മേലിൽ അത്തരം കീടനാശിനികൾ പ്രയോഗിക്ക രുതെന്ന് നിർദ്ദേശിച്ചു കൊണ്ട് നോട്ടീസ് നൽകാനും, തുടർന്നും അത്തരം കീടനാശിനികൾ ഉപയോഗി ക്കുന്നത് ആവർത്തിക്കുന്നപക്ഷം വൈദ്യുതി സൗജന്യം ഉൾപ്പെടെ കൃഷി വകുപ്പിൽ നിന്നുള്ള എല്ലാ ആനുകൂല്യങ്ങളും നഷ്ടമാകുമെന്ന് കാണിച്ച് കർശന താക്കീതോടെ രണ്ടാമതും നോട്ടീസ് നൽകാനും. നിർദ്ദേശം നൽകിയിട്ടുണ്ട്. പിന്നീടും നിരോധിത കീടനാശിനികളുടെ ഉപയോഗം തുടർന്നാൽ അത്തരം കർഷകരെ കൃഷി വകുപ്പിന്റെ നിലവിലുള്ള പദ്ധതികളിൽ നിന്നും അയോഗ്യരാക്കുകയും, ഈ കർഷകർക്ക് മറ്റ് സർക്കാർ വകുപ്പുകൾ നൽകുന്ന സൗജന്യങ്ങൾ കൂടി നിർത്തലാക്കുന്നതിനുള്ള ശുപാർശ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ അനന്തര നടപടികൾക്കായി കൃഷി ഡയറക്ടർക്ക് അയച്ചു നൽകുകയും ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

നിക്ഷിപ്തമാണ്.

(ഡി) ഇത്തരം കാര്യങ്ങൾ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിന്റെയും പരിശോധനകൾ നടത്തുന്നതിന്റെയും അതിൻപ്രകാരം നടപടികൾ സ്വീകരിക്കുന്നതിന്റെയും ഉത്തരവാദിത്തം കൃഷിവകുപ്പിൽ നിക്ഷിപ്തമാണോ; എങ്കിൽ അപ്പർ കുട്ടനാട്ടിലെ പെരിങ്ങര ഇരുകരപാടത്ത് കീടനാശിനി തളിക്കുന്നതിനിടെ രണ്ടുപേർ മരിക്കാനിടയായ സാഹചര്യം പരിശോധിക്കുകയുണ്ടായോ;

(ഇ) ഇതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണെന്ന് വിവരിക്കാമോ;

(ഡി) & (ഇ) പത്തനംതിട്ട പെരിങ്ങരയിൽ നെല്ലിൽ കീടനാശിനി തളിച്ച് കർഷക തൊഴിലാളി മരിച്ച സംഭവത്തിൽ, അനധികൃത കീടനാശിനി വിൽപനയ്ക്കും ദുരുപയോഗത്തിനും എതിരെ കൃഷി വകുപ്പ് കർശന നടപടികൾ സ്വീകരിച്ചു. പ്രസ്തുത കീടനാശിനി ലഭ്യമാക്കിയ പത്തനംതിട്ട ജില്ലയിലെ കീടനാശിനി ഡിപ്പോ ഡിസ്ട്രിക്ട് ലൈസൻസിംഗ് ഓഫീസറായ ഡെപ്യൂട്ടി ഡയറക്ടറുടെ നേതൃത്വത്തിൽ പരിശോധിക്കുകയും നിയന്ത്രിത കീടനാശിനി കൃഷി ഓഫീസറുടെ കുറിപ്പടി ഇല്ലാതെ വിൽപന നടത്തി എന്ന തെളിഞ്ഞ സാഹചര്യത്തിൽ തിരുവല്ല മുനിസിപ്പൽ ഏരിയയിൽ പ്രവർത്തിക്കുന്ന ജെ.ജെ.ഏജൻസി എന്ന ഡിപ്പോ ഇനി ഒരു ഉത്തരവ് ഉണ്ടാകുന്നതു വരെ അടച്ച പൂട്ടുകയും ചെയ്തു. പ്രസ്തുത ഡിപ്പോയിൽ നിന്നും പിടിച്ചെടുത്ത നിയന്ത്രിത കീടനാശിനിയായ 'വിരാടിന്റെ' സാമ്പിൾ പരിശോധനയ്ക്ക് തിരുവനന്തപുരം സംസ്ഥാന പെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലാബിൽ അയച്ചുകൊടുക്കുകയും, പ്രസ്തുത സാമ്പിൾ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്ത് ഒട്ടാകെ അനധികൃതമായി കീടനാശിനി വിൽപന നടത്തുന്നുണ്ടോ എന്ന് പരിശോധിച്ച് 24 മണിക്കൂറിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചതിന്റെയടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടുകൾ പ്രകാരം 19 ഡിപ്പോകളിൽ വിരാട് സ്റ്റോക്ക് ഉള്ളതിന്റെ വിൽപ്പന നിർത്തിവെച്ചിട്ടുണ്ട്.

കീടനാശിനികളുടെ വിതരണവും വിൽപനയും ഉപയോഗവും നിയന്ത്രിക്കുന്നതിനും കീടനാശിനി കൃത്യ അളവിൽ കർഷകർ ഉപയോഗിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ സർക്കുലർ ജനുവരി 3 ന് കൃഷി വകുപ്പ് പുറത്തിറക്കിയിരുന്നു. ഒപ്പം "കീടനാശിനി ഉപയോഗം നിയന്ത്രിക്കൂ. സുരക്ഷിത ഭക്ഷണം ഉറപ്പു വരുത്തൂ" എന്ന സന്ദേശം കർഷകരിലും പൊതു ജനങ്ങളിലും എത്തിക്കുന്ന ബോധവത്കരണ ക്യാമ്പയിൻ ജനുവരി 21 മുതൽ 31 വരെ സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ഡിപ്പോകളിലും കീടനാശിനി ഉപയോഗരീതിയും പ്രയോഗക്രമവും വ്യക്തമാക്കുന്ന ബോർഡുകൾ ജനുവരി 31 ന് മുമ്പ് പ്രദർശിപ്പിക്കണമെന്നുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കർഷകർക്കും പൊതുജനങ്ങൾക്കും കീടനാശിനി ഡീലർമാർക്കും കീടനാശിനി ഉപയോഗം

സംബന്ധിച്ച് ശ്രദ്ധിക്കേണ്ട കാര്യങ്ങൾ അടങ്ങിയ ലഘുലേഖകളും കൃഷി വകുപ്പ് വിതരണം ചെയ്തിട്ടുണ്ട്. കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പ് വരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവുകൾ നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുന്നതിനും പെരിങ്ങര കൃഷിഭവനിൽ ഈ വർഷം ഒരു വിള ആരോഗ്യ ക്ലിനിക്ക് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (എഫ്) | നിരോധിത കീടനാശിനി ഉപയോഗം ക്രിമിനൽ കുറ്റമാക്കുന്നതിന് നിയമനിർമ്മാണം നടത്തുമോയെന്നറിയിക്കുമോ? | (എഫ്) നിരോധിത കീടനാശിനി ഉപയോഗം ക്രിമിനൽ കുറ്റമാക്കുന്നതിനുള്ള നിയമനിർമ്മാണം നിലവിൽ സർക്കാർ പരിശോധിച്ച് വരുന്നു. |

Smulathin

**സെക്ഷൻ ഓഫീസർ**